നം.117/2019/നിയമം

നിയമ സ്പെഷ്യൽ വിംഗ്

22.11.2019

അനൗദ്യോഗിക കുറിപ്പ്

വിഷയം:- കേരള നിയമ പരിഷ്കരണ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഒഴിവാക്കുന്നതിനും പുതുതായി രൂപീകരിക്കേണ്ട നിയമങ്ങളുമായി ബന്ധപ്പെട്ട ശിപാർശ തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്:

സൂചന:- വനം വന്യജീവി (പി.എസ്) വകുപ്പിന്റെ 13.11.2019 തീയതിയിലെ പി.എസ് 1/86/2019/വനം നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് അവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനും അതിൻമേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും കേരള നിയമ പരിഷ്കരണ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഇതു സംബന്ധിച്ച മറുപടി 10 ദിവസത്തിനുള്ളിൽ സർക്കാരിൽ ലഭ്യമാക്കാൻ സൂചന കത്തിൽ HoFF നോട് അഭ്യർത്ഥിച്ചിരിക്കുന്നു. ടി വിഷയം സംബന്ധിച്ച വിശദാംശങ്ങൾ 10 ദിവസത്തിനകം ലഭ്യമാക്കാൻ എല്ലാ സെക്ഷനുകളോടും ആവശ്യപ്പെടാൻ HoFF നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനായി താഴെ പറയുന്ന വിവരങ്ങൾ 10 ദിവസത്തിനകം നിയമ (സ്പെഷ്യൽ) വിംഗിനു ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. ഭരണവകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള ഏതെങ്കിലും നിയമങ്ങളിൽ

കാലോചിതമായ മാറ്റങ്ങൾ ആവശ്യമുണ്ട് എങ്കിൽ അവ ഏതൊക്കെയാണെന്നും ഏതെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരേണ്ടതെന്നും വ്യക്തമാക്കുന്ന കുറിപ്പ്.

2. ഒഴിവാക്കേണ്ട കാലഹരണപ്പെട്ട നിയമങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് അവ സംബന്ധിച്ച ലിസ്റ്റ്.
3. ഏതെങ്കിലും പുതിയ നിയമങ്ങൾ രൂപീകരിക്കേണ്ടതായി ഭരണ വകുപ്പിനു അഭിപ്രായമുണ്ടെങ്കിൽ ആയതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ടുള്ള വിശദാം ശങ്ങളടങ്ങിയ കുറിപ്പ്.

സമയ പരിധി കൃത്യമായി പാലിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

സെക്ഷൻ ഓഫീസർ,
നിയമ (സ്പെഷ്യൽ) വിംഗ്.

എല്ലാ സെക്ഷനുകൾക്കും
ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും.